**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി സുമോൾ ജി - ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ)നം.217/2019/ത.സ്വ.ഭ.വ.　　　　തീയതി, തിരുവനന്തപുരം　　01/02/2019**

പരാമർശം:- 1. വിജിലൻസ് ഡയറക്ടറുടെ 23.11.2016 ലെ ഇ 26 (ക്യൂ.വി.08/14/കെ.റ്റി.എം) 22206/14 നമ്പർ കത്ത്.

2. മുഖ്യനഗരാസൂത്രകന്റെ 09.10.2017, 21.05.2018 തിയതികളിലെ എ 3/9183/2017 നമ്പർ കത്ത്.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ കെട്ടിട നിർമ്മാണ അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് സത്വരാന്വേഷണം നടത്തിയതിൽ മാത്യുക്കുട്ടി ജെ പൊട്ടുകളം എന്ന വ്യക്തി കെട്ടിട നിർമ്മാണ അനുമതിയ്ക്കായി 15.11.2006-ൽ നഗരസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷ 22.01.2007-ൽ അനന്തര നടപടിയ്ക്കായി കോട്ടയം ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചു കൊടുത്തതായും ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസിലെ നടപടി ക്രമങ്ങൾക്ക് ശേഷം അപേക്ഷ നിരസിച്ചു കൊണ്ടുള്ള കത്ത് 19.02.2007-ൽ ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിക്ക് നൽകിയിട്ടുള്ളതായും ടി കത്ത് മേലധികാരികളെ യഥാസമയം അറിയിക്കാതെ വീഴ്ച വരുത്തിയതു മൂലമാണ് 07.03.2007 മുതൽ 2011 കാലം വരെ ടിയാന്റെ അപേക്ഷയിൽ തീർപ്പു കല്പിക്കാതെ കാലതാമസം വരാൻ ഇടയായതെന്നും വിജിലൻസിന്റെ സത്വരാന്വേഷണത്തിൽ വെളിവായിരുന്നു.

2. തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ 20.12.2011-ൽ ശ്രീ മാത്യുക്കുട്ടി ജെ.പൊട്ടുകളം സമർപ്പിച്ച പരാതി സംബന്ധിച്ച് ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസിൽ നിന്നും 09.01.2012 തീയതി ടിയാന്റെ സ്ഥലത്തിന്റെ വിശദാംശങ്ങളോ, കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട ടൗൺ പ്ലാനറുടെ ഓഫീസിലെ ഫയൽ നമ്പരോ ലഭ്യമല്ലാ എന്ന് ശ്രീമതി സുമോൾ ജി., ഡെപ്യൂട്ടി ടൗൺ പ്ലാനർ തെറ്റായ മറുപടി നല്കിയിട്ടുണ്ട്. ടി കാരണത്താൽ ശ്രീമതി സുമോൾ ജി. - എന്ന ജീവനക്കാരിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ പരാമർശം 1 പ്രകാരം ശിപാർശ ചെയ്തിരുന്നു. മേൽ ശിപാർശ സർക്കാർ പരിഗണിക്കുകയും മേൽ ആരോപണത്തിൻമേൽ ശ്രീമതി സുമോൾ ജി., ഡെപ്യൂട്ടി

ടൗൺ പ്ലാനർക്ക് കുറ്റാരോപണ പത്രിക നൽകുകയും ചെയ്തു. ടി കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ വിശദീകരണം സമർപ്പിച്ചിരുന്നു.

3. 2011 ഡിസംബറിൽ കോട്ടയം ജില്ലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ശ്രീ മാത്തുക്കുട്ടി ജെ. പൊട്ടുകളം എന്നയാൾ പുതിയ മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ നടപടിയെടുക്കണമെന്നും, ടിയാന് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകണമെന്നും രണ്ട് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അപേക്ഷ നൽകിയിരുന്നുവെന്നും ടി അപേക്ഷയിൽ റവന്യൂ വിശദാംശങ്ങൾ ചേർത്തിട്ടില്ലായിരുന്നതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ 23.01.2012 തീയതിയിൽ അപേക്ഷകന് മറുപടി നൽകിയിരുന്നുവെന്നും ആയതിൽ പരാതിക്കാരൻ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം തെറ്റായ വിവരങ്ങൾ നൽകിയിട്ടില്ലായെന്നുമുള്ള ശ്രീമതി. സുമോൾ സമർപ്പിച്ച വിശദീകരണം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും മുഖ്യ നഗരാസൂത്രകൻ റിപ്പോർട്ട് ചെയ്തിരുന്നു.

4. വിജിലൻസ് വകുപ്പിന്റെ ശിപാർശ, കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി. സുമോൾ സമർപ്പിച്ച വിശദീകരണം, മുഖ്യ നഗരാസൂത്രകന്റെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ മാത്തുക്കുട്ടി ജെ.പൊട്ടുകളം സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി നൽകിയതിൽ ശ്രീമതി. സുമോൾ വീഴ്ച വരുത്തിയിട്ടുള്ളതായി കണ്ടെത്തിയതിനാൽ മേലിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകരുതെന്ന "താക്കീത്" നൽകിക്കൊണ്ട് ശ്രീമതി സുമോൾ ജി., ഡെപ്യൂട്ടി ടൗൺ പ്ലാനർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി സബിതാമിനി, ടൗൺ പ്ലാനർ,
നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ